1

DESPATCHED
On. 22/06/2020
12.5-20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1020(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.7420/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ. എൻ.കെ. വത്സലൻ
അതുല്യനിവാസ്
ഏലാപ്പാറ പി.ഒ
ഇടുക്കി ജില്ല
685501 } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   സപ്ലൈ കോ ഓഫീസ്
   എറണാകുളം
2. അപ്പീൽ അധികാരി ആന്റ്
   സപ്ലൈ കോ ലിമിറ്റഡ്
   പി.ബി.നം.2030
   മാവേലി ഭവൻ
   മാവേലി റോഡ്, ഗാന്ധി നഗർ
   കൊച്ചി–682 020

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.02.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18.03.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 25.03.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 27.04.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03.05.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04.05.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.02.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03.03.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02.03.2020, ബാങ്കറ്റ് ഹാൾ ഗസ്റ്റ് ഹൗസ് എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 04.02.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 –ൽ 26.09.2013 ൽ തൃശൂർ വിജിലൻസ് ഓഫീസും, താലൂക്ക് സപ്ലൈ ഓഫീസറും പരിശോധന നടത്തി കണ്ടുപിടിച്ച ക്രമക്കേടുകൾ ടി ഓഫീസിൽ നിന്നും ഓഡിറ്റ് ചെയ്ത് അന്നത്തെ ജീവന ക്കാരുടെ ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ രേഖകളുടെ പകർപ്പ് നൽകണ മെന്നും ഇനം 2 –ൽ ബഹു.പാലക്കാട് റീജണൽ മാനേജരുടെ ഉത്തരവ് പ്രകാരം 28.09.2013 ൽ അവിടുത്തെ ജീവനക്കാർ പുതുതായി 26.09.2013 ലും 28.09.2013 ലും ചാർജ്ജെടുത്ത് ജീവനക്കാർക്ക് കൈമാറിയ സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തി ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ രേഖകളുടെ ശരിപ്പകർപ്പ് നൽകണ മെന്നും തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്. ആയതിന് 27.02.2019 നും 16.03.2019 നും 18.03.2019 നും മറുപടി നൽകി.

3. മേൽപ്പടി നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 25.03.2019 ന് അപ്പീൽ നൽകുകയും 27.04.2019 ന് മറുപടി നൽകുകയും ചെയ്തു.

4. 03.03.2020 ൽ കമ്മീഷനിൽ ലഭിച്ച റിപ്പോർട്ട് പ്രകാരം ക്രമനമ്പർ 3 പ്രകാരം ആവശ്യ പ്പെട്ടതിൽ ടി ജീവനക്കാർ ഡപ്യൂട്ടേഷനിൽ വന്നവരാകയാൽ സപ്ലൈകോ ആനുകൂല്യ ങ്ങൾ നൽകിയിട്ടില്ലെന്നും, 4-ാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കുറ്റപത്രം ടി കാര്യാലയത്തിൽ ലഭ്യമല്ലാത്തതിനാൽ പാലക്കാട് മേഖലാ എസ്.പി.ഐ.ഒ യ്ക്ക് അയച്ചു കൊടുത്തുവെന്നും ആയത് ശരിയായ നടപടി ആണെന്നും, ഓഡിറ്റ് റിപ്പോർട്ടും ആയ തിന്റെ എല്ലാ അനുബന്ധ രേഖകളും സഹിതമാണ് അപേക്ഷകന് നൽകേണ്ടത് എന്നുള്ള തിനാലാണ് 82 പേജുള്ള പകർപ്പ് നൽകിയതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരൻ നൽകിയ അപേക്ഷയ്ക്ക് മറുപടികൾ നൽകിയതായി കാണുന്നെങ്കിലും 2–മത്തെ ചോദ്യത്തിനുള്ള മറുപടിക്ക് വ്യക്തമായ മറുപടി നൽകിയി ല്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുകയും 1 ആഴ്ചയ്ക്കുള്ളിൽ വ്യക്തമായ മറുപടി നൽകണ മെന്നു നിർദ്ദേശിക്കുകയും ചെയ്തു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 മേയ് 12–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

res